## 140-ാം മസുമൂർ[1]

കർത്താവേ! ഞാൻ നിന്നെ വിളിച്ചു; എന്നോട് നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ചപോലെയും കൈക്കൊള്ളണമെ. എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായുകയും, ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കുകയും ചെയ്യാതിരിപ്പാൻ. എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടി ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ ന്യായാധിപതിമാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴു പിളർന്നു ചിതറിക്കുന്നതുപോലെ പാതാളവാതുക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവേ! എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി; നിന്നിൽ ശരണപ്പെട്ടു, എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചു വച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്നും എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലയിൽ വീഴുമാറാകണമെ.

**141-ാം മസുമൂർ**

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻ വിളിച്ചു, എന്റെ ശബ്ദത്തിൽ കർത്താവിനോട് ഞാൻ അപേക്ഷിച്ചു; തിരുസന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും, തിരുമുമ്പിൽ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ എന്റെ ഊടുവഴികൾ നീ അറിയുന്നു.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എനിക്കുവേണ്ടി അപേക്ഷിക്കുന്നവനുമില്ല. കർത്താവേ! ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽ നിന്ന് എന്നെ വിടുവിക്കണമെ. എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് വിടുവിക്കണമെ. നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായ് കാത്തിരിക്കും.

## 118-ാം മസുമൂർ

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റം ക്ഷീണിച്ചിരിക്കുന്നു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമെ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾവച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽ നിന്നും തെറ്റിപ്പോയില്ല. ഞാൻ നിന്റെ സാക്ഷി എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ ചെയ്‌വാനായിട്ട് ഞാൻ എന്റെ ഹൃദയം തിരിച്ചു.

## 116-ാം മസുമൂർ

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ......................മെനഓലം

# വ്യാഴാഴ്ച സന്ധ്യ

ഒരു കൗമാ

കർത്താവേ നിന്നെ ഞാൻ വിളിച്ചു... ഇത്യാദി (പുറം 9).

## എനിയോനോ

1. മോശ നോമ്പുമൂലം ശോഭിക്കുകയും അത്യുന്നതന്റെ സാന്നിദ്ധ്യം ദർശിക്കയും ഇസ്രായേൽ ജനത്തിനു കൊടുപ്പാനായി കല്പനകൾ പ്രാപിക്കയും ചെയ്തു.

2. ഭക്ഷണം വെടിയുന്ന വായ് വഞ്ചനയിൽനിന്ന് ഒഴിഞ്ഞിരിക്കണം. രാജാവ് പ്രവേശിക്കുന്ന വാതിലിനുള്ളിൽ അന്യായം പ്രവേശിക്കരുത്.

3. നിന്റെ വായ് ഭക്ഷണത്തിൽനിന്നും അന്യായത്തിൽനിന്നും ഉപവസിക്കണം. നിന്റെ നോമ്പ് കുറ്റകരമാകാതിരിപ്പാൻ നോമ്പോടൊന്നിച്ച് നിന്റെ നാവിനെയും നിയന്ത്രിക്കുക.

4. കുഴിയുടെ ഉള്ളിൽ ദാനിയേൽ നോറ്റ നോമ്പ് എത്രയും യോഗ്യവും മോഹനീയവും ആകുന്നു. ആ നീതിമാനെ കണ്ട മൃഗങ്ങളെ അവൻ നോമ്പു പഠിപ്പിക്കയും അവ അവനോടൊന്നിച്ച് ഉപവസിക്കയും ചെയ്തു. ബാറെക്മോർ

5. നിനുവയിലെ രാജാവ് ചാക്കുശീല ധരിച്ചുകൊണ്ട് നോമ്പു നോറ്റതു കാണുക. അവന്റെ അന്യായം മൂലം കോപിച്ചിരുന്ന ദൈവത്തെ അവൻ നിരപ്പാക്കി.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

1. ന്യായവിസ്താരസ്ഥലത്തോടുകൂടി ഞാൻ കടന്നു പോകുമ്പോൾ ഒരു പീഡകനെയും പീഡിതനെയും കണ്ടു. പീഡിതൻ വലത്തുഭാഗത്തും പീഡകൻ ഇടത്തുഭാഗത്തും നിന്നിരുന്നു. കർത്താവേ, പീഡകനാകാതെ പീഡിതനായിരിപ്പാനും പീഡകർക്കായി കാക്കപ്പെട്ടിരുന്ന ന്യായവിധിയിൽനിന്ന് രക്ഷപ്രാപിപ്പാനും എന്നെ യോഗ്യനാക്കണമേ. ബാറെക്മോർ

2. പാപിയേ! വരുവാനിരിക്കുന്ന ന്യായവിധിയെ ഓർത്ത് വിറയ്ക്കുക. അവസരമുള്ളപ്പോൾ സങ്കടത്തോടും കണ്ണുനീരോടുംകൂടി അനുതാപത്തിനായി സമീപിക്കുക. അപ്പോൾ പ്രാർത്ഥന കൈക്കൊള്ളപ്പെടും. അവിടെ ഇമ്പപ്പെടേണ്ടതിനായി, മരണം വന്ന് നിന്റെ ആത്മാവിനെ കൂട്ടിക്കൊണ്ടു പോകുന്നതിനു മുമ്പ് ഇവിടെവച്ചുതന്നെ യാചിക്കുക. അതിനുശേഷ

മായാൽ അപേക്ഷ നിഷ്ഫലമാകയും കണ്ണുനീരുകൾ പ്രയോജനമില്ലാതാകയും ചെയ്യും.

3. പാപികൾക്കും, അനുതാപികൾക്കും, നല്ലവർക്കും, ദുഷ്ടന്മാർക്കും രാവും പകലും ദൈവത്തിന്റെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. പാപികളിൽ, പാപിനിയായ സ്ത്രീയും അനുതാപികളിൽ, തന്നെ തള്ളിപ്പറഞ്ഞ ശെമഓനും, നല്ലവരിൽ, തനിക്കായി കൊല്ലപ്പെട്ട വാഴ്ത്തപ്പെട്ടവരായ സഹേദേന്മാരും, ദുഷ്ടന്മാരിൽ മോക്ഷം നേടിയ കള്ളനും ഇതിനെ സാക്ഷിക്കുന്നു.

മൊറിയൊറാഹേംമേലൈൻ...

## വീണ്ടും കോലോകൾ

1. ഈ ലോകം സമുദ്രത്തെക്കാൾ കൂടുതൽ കലങ്ങിയും ഇതിലെ നിവാസികൾ തിരമാലകളെക്കാൾ ഏറ്റം ക്ഷോഭിച്ചും ഇരിക്കുന്നു. കർത്താവേ നീ സകലത്തെയും നിരപ്പാക്കുന്നവനായി സൃഷ്ടികളുടെ സമാധാനമാകുന്നു. കലഹമുള്ള ഭൂതലം അതിലെ നിവാസികളുടെ അന്യായത്തിൽ ഇരിക്കുന്നു. കർത്താവേ നീ മാത്രം നല്ലവനാകുന്നു. സഭയും അതിന്റെ മക്കളും നിന്നെ വിളിക്കുന്നു. നിന്നിൽനിന്നുള്ള സമാധാനത്താൽ സകല സൃഷ്ടിയും ശാന്തതപ്പെടേണമേ. ബാറെക്മോർ

2. ഞങ്ങളുടെ ജീവിതകാലം ചുരുങ്ങിയതും ക്ഷണികവുമാകുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ തള്ളിക്കയറുന്ന ഓളങ്ങൾ കഠിനങ്ങളും ശക്തിയുള്ളവയും ആകുന്നു. ഒരു ദിവസവും ഞങ്ങളെ വിട്ടുകളയാതെ താൽക്കാലിക ജീവിതത്തെക്കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ ആകർഷിക്കപ്പെട്ടിരിക്കുന്നു. സദ്വിചാരങ്ങൾ ഞങ്ങളിൽനിന്ന് നീങ്ങിപ്പോകയും ദുഃശ്ചിന്തകൾ ഞങ്ങളിൽ വാഴുകയും ചെയ്തിരിക്കുന്നു. നിന്റെ രക്തത്താൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയ മിശിഹാതമ്പുരാനേ! കൃപയോടെ ഞങ്ങളോടു കരുണചെയ്യണമേ.

3. എന്റെ കർത്താവേ, നിന്റെ ന്യായവിസ്താരത്തിൽ പക്ഷ ഭേദം ഇല്ലാത്തതിനാൽ കുറ്റക്കാരനായ ഞാൻ ദുഃഖിക്കുന്നു. ഭയങ്കര പുസ്തകങ്ങൾ തുറക്കപ്പെടുകയും നിന്റെ നീതി എന്റെ കുറ്റങ്ങൾ പരിശോധിക്കയും ചെയ്യുന്ന സമയത്ത് നിന്റെ നീതി എന്നോടു ദയ ചെയ്യുമാറാകണമേ. നിന്റെ കൃപ നിന്റെ നീതിയോട് അപേക്ഷിക്കയും കുറ്റക്കാരനായ ഞാൻ മോചനം പ്രാപിക്കയും ചെയ്യുമാറാകണമേ. കർത്താവേ, നിന്നോടു ഞാൻ പിഴച്ചു എന്ന് ഏറ്റുപറയുന്നു. കൃപയോടെ ഞങ്ങളോടു കരുണ ചെയ്യണമേ.

## ബോവൂസോ

1. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മിശിഹാ, ഞങ്ങളുടെ നോമ്പും പ്രാർത്ഥ നയും നീ കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യണമേ.

2. എല്ലാ യാമങ്ങളും അവയുടെ അധികാരത്തെ ക്രമ പ്പെടുത്തിയിരിക്കുന്നവനു സ്തുതി പാടുവാൻ അവയുടെ മാറ്റം തോറും എന്നെ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. കർത്താ വിന്റെ സന്നിധിയിൽ പ്രഭാതം വന്നുമുട്ടി. അവനെ കാണേണ്ടു ന്നതിനായി ഞാൻ എഴുന്നേറ്റു. പകൽ പ്രവേശിച്ച് എന്നെ കൂട്ടി ക്കൊണ്ടുപോകയും പ്രവർത്തനങ്ങൾക്കായി പുറപ്പെടുകയും ചെയ്തു.

3. ധനവാനായവൻ കവർച്ച നടത്തുന്നു. ദരിദ്രൻ വ്യാജം പറയുന്നു. അധികാരി അപഹരണം ചെയ്യുന്നു. ആർത്തി യുള്ളവൻ വിലപിക്കുന്നു. മൗനിയായവൻ നിന്ദിക്കപ്പെടുന്നു. താഴ്മയുള്ളവൻ ചവിട്ടപ്പെടുന്നു. അന്യായക്കാരൻ അനുസരിക്ക പ്പെടുന്നു. നീതിമാനോ പരിഹസിക്കപ്പെടുന്നു. ലോകം ക്ഷോഭിച്ചു മിരിക്കുന്നു. ഇങ്ങനെ സകലവും കപടഭക്തിയിൽ നിലനിൽക്കു കയും ചെയ്യുന്നു.

4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയെയും കൈക്കൊണ്ടവനായ മിശിഹാ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ... ഇത്യാദി(പേജ് 15).

ഒരു കൗമാ

യുടെ സ്വരംകേട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കു ഉത്തരമരുളുമാറാകണമേ.

## മാർ യാക്കോബിന്റെ ബോവൂസോ

1. ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് അപേക്ഷയെ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണചെയ്യണമേ.

2. ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായ കർത്താധി കർത്താവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളുടെമേൽ കരുണചെയ്യണമേ.

3. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കണമേ. വിശ്വാസത്തോടെ നിന്റെ വാതുക്കൽ ഞാൻ മുട്ടിയിരിക്കുന്നതിനാൽ ദയവോടെ എന്നോട് ഉത്തരമരുളേണമേ.

4. നിന്റെ സത്യത്തെ ഞാൻ കാണുകയും നിന്റെ നാമത്തെ സ്തോത്രം ചെയ്യുകയും ചെയ്‌വാൻ എന്റെ കണ്ണുകളെ പ്രകാശി പ്പിക്കണമെ. നിന്റെ ദയയിൽ ഞാൻ സങ്കേതപ്പെട്ടിരിക്കുന്നതിനാൽ എന്നെ നീ കാത്തുകൊള്ളേണമേ.

5. കർത്താവേ നിന്നോടു ഞാൻ അപേക്ഷിച്ചിരിക്കകൊണ്ട് വെടിപ്പുള്ള ഹൃദയം എനിക്കു തരേണമേ. നിന്റെ നിറവിൽനിന്ന് നിത്യജീവനെക്കുറിച്ചുള്ള ജ്ഞാനം എന്റെ ബോധത്തിൽ നീ വസിപ്പിക്കേണമേ.

6. ദുഷ്ടനെതിരായി എനിക്കു സഹായത്തിന് ആത്മീയ ആയുധം ഉണ്ടായിരിക്കേണമേ. നിന്റെ നാമത്താൽ എന്നെ മുദ്ര യിടുകയും എന്റെ ജീവനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യണമേ.

7. നിന്റെ ഭാഗ്യത്തെ ഞാൻ സ്നേഹിക്കുകയും നിന്റെ പിന്നാലെ വരികയും ചെയ്തതുകൊണ്ട് എന്നെ ലജ്ജിപ്പി

ക്കരുതേ. നിന്റെ പതിവിൻപ്രകാരം നിന്റെ വലതുകൈ എന്റെ മേൽ ആവസിപ്പിക്കേണമേ.

8. എന്റെ ഇഷ്ടം മുഴുവനും ഞാൻ നിനക്കുള്ളവനായി ത്തീരണമെന്നുള്ളത് മാത്രമാണ്; കാരുണ്യവാനായ പിതാവും നാഥനുമേ നിന്നെ ഞാൻ വന്ദിക്കുന്നു.

9. ഞാൻ നിന്നിൽനിന്ന് കരുണയും ദയയും പ്രാപിച്ചിരി ക്കുന്നതിനാൽ എന്നെ ലജ്ജിപ്പിക്കരുതേ! വ്യാപാരിയെപ്പോലെ എന്റെ ഹൃദയം നിന്റെ നിക്ഷേപത്തെ വഹിക്കുമാറാകണമേ.

10. സത്യത്തിന്റെ പുസ്തകം ഞാൻ വായിച്ചു പഠിക്കേണ്ട തിനായി എനിക്ക് ഇടയാക്കേണമേ. കർത്താവേ ഞാൻ നിന്റെ ദാസനും ദാസീപുത്രനുമാകയാൽ നിന്റെ സന്നിധിയിൽ എന്നെ ജീവിപ്പിക്കണമേ.

11. നിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യു കയും ചെയ്തിരിക്കുന്നതിനാൽ നീ മൂലം ഞാൻ ജീവിക്കുമാറാ കണമേ. നിന്റെ സ്ലീബാ ഉപദ്രവങ്ങളിൽനിന്ന് എന്നെ കാക്കുന്ന കോട്ടയായിത്തീരേണമേ.

12. കർത്താവേ! നിന്നോട് ഞാൻ പ്രാർത്ഥിച്ചതുകൊണ്ട് നിന്റെ വലതുതൃക്കൈ എന്റെ മേൽ ആവസിപ്പിക്കേണമേ. ഉത്തമ ഇടയനായുള്ളോവേ! നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നെ ഒരു കുഞ്ഞാടാക്കേണമേ.

13. ലോകങ്ങളുടെ പിതാവും ജീവന്റെ അധിപതിയുമായു ള്ളോവേ! നിന്റെ നാമത്തിന് സ്തുതി. എന്റെ അപേക്ഷ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ കാഴ്ചപോലെ പ്രവേശിക്കുമാറാക ണമേ.

14. സകലവും കേൾക്കുന്നവനും പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനുമായുള്ളോവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളിൽ കരുണചെയ്യണമേ.

അല്ലെങ്കിൽ

## അനുബന്ധം -2

(മാർ അപ്രേമിന്റെ ബോവൂസൊ)

ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവ്വോടെ നിൻ തിരുമുമ്പിൽ
നിൽപാൻ എനിക്കു നീ നൽകണമേ

വീണ്ടും ഞാൻ ഉറങ്ങുന്നാകിൽ
എനിക്കുള്ള എന്റെ ഉറക്കം
കർത്താവേ, നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ

എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ

തവക്ഷീണത്തിൻ സ്കീപ്പായാൽ
നല്ല ഉറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽനി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ

നിരപ്പുനിറഞ്ഞയുറക്കത്തിൽ
രാവൊക്കെയുമെന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാനിനവും
എന്നിൽ മുഷ്ക്കരമാക്കല്ലേ

നിന്റെ അടിയാൻ ഞാനതിനാ-
ലെന്റെ സന്ധുക്കൾ കാപ്പാനായ്

വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ

ദ്വേഷതപെട്ട അപേക്ഷയിൽനി-
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ

ഞാൻ ചെരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മനച്ചിലിനുടെ സ്വതകർമ്മം
നിൻകൃപയോടെ നൽകണമേ

നിൻകൈ മെനഞ്ഞ ശരീരത്തെ
നിന്റെ വലത്തേതാക്കണമേ
നിന്റെ കരുണകൾ കോട്ടയതായ്
എനിക്കു നീ ചുറ്റിച്ചു കൊള്ളണമേ

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻശക്തി
സൗരഭ്യമായ ധൂപംപോ-
ലെന്റെ ഉറക്കം തിരുമുമ്പിൽ

നിന്നെപ്പെറ്റന്നമ്മയുടെ
നിന്നോടുള്ള അപേക്ഷയാലെ,
എനിക്കുള്ള ശയനത്തിൻമേൽ
തിൻമപെട്ടവനണയരുതേ

എനിക്കുവേണ്ടീട്ടുണ്ടായെന്നാ
നിനക്കുള്ള പൂജയാലെ

എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമേ

കർത്താവേ നിൻ പറഞ്ഞൊപ്പ്
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ലീബായാലെ
എന്റെ ആയുസ്സ് കാക്കണമേ

ഞാനുണരുപ്പെട്ടന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമേ

നിൻതിരുമനസ്സിനെ ഞാനറിഞ്ഞു
ഞാനതിനെ ചെയ്‌വാനായി
നിൻതിരുമനഗുണമതിനാലെ
എനിക്കു നീ മനഃഗുണം ചെയ്യണമേ

നിരപ്പുനിറഞ്ഞൊരന്തിയും
പുണ്യത്വത്തിന്നുടെ രാവും
ഞങ്ങളുടെ രക്ഷകനാം മിശിഹാ കർത്താവേ!
അടിയാർക്കു നീ തരിക

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽതന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു

നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമേ

ഈലോകത്തിലുമതുപോലെ
പരലോകത്തിലുമതാകണമേ

എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി

സ്വർഗ്ഗാദൂതർക്കുടയവനേ
അവരാൽ മഹത്വപ്പെടുന്നവനേ
വന്ദനവോടെ നിനക്കു സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമേ

ത്രിയേകാമേകത്രയാം
ഏകദൈവമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനേ നിനക്കു സ്തുതി

ബലഹീനരുടെ അപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾ പോൽ
കൈക്കൊൾവോനെ നിനക്കു സ്തുതി

സ്വർഗ്ഗാദൂതന്മാർതന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനേ!
പൂഴികളായവരിൽനിന്ന്
അളവില്ലാതെ നിനക്കു സ്തുതി

പിതൃസുത പരിശുദ്ധാത്മാവാം
ഏകദൈവത്തിൻപക്കൽ

നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീടേണം

കൊല്ലും വഞ്ചനയായുള്ള
പൊന്നും വെള്ളിയും നേടേണ്ട
നിത്യജീവൻ പ്രാപിപ്പാൻ
സത്യോപദേശം കേൾക്ക

നാല്പതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
*ഈശൈസുതനെപ്പോൽ
ദിനമേഴുവട്ടം പ്രാർത്ഥിക്ക

മോശയും ഏലിയായും
നാല്പതു ദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായെ ജയിച്ചു

കടൽകൂപമഗ്നികളിൽ
രക്ഷിച്ചെന്ന പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്ക്കാരങ്ങൾക്ക്
കൃപയുടെ വാതിൽ തുറക്കണമേ

നമസ്കാരം കേൾക്കുന്നവനേ!
യാചനകൾ നൽകുന്നവനേ!
ഞങ്ങടെ നമസ്കാരം കേട്ട്
യാചനകൾ നൽകീടണമേ

---

*ഈശൈ – ദാവീദ്